**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **12-07-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2012-13, 2013-14 വർഷങ്ങളിലാണ് പട്ടികജാതി വികസന വകുപ്പ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയത്. ടി കാലയളവിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ നിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കോളനികളെ ഒന്നും തെരഞ്ഞെടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | 2016-17-ൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം മൂത്തേടത്ത് കോളനി, തൊടിയൂർ ഗ്രാമപഞ്ചായത്തിലെ അംബേദ്കർ ഗ്രാമം എന്നീ കോളനികളെ തെരഞ്ഞെടുക്കുകയും 2022-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ പാവുമ്പ ആല്യവിള കോളനി, കേശവപുരം ഐ.എച്ച്.ഡി.പി. കോളനി എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ